**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 709 14/07/2014-ൽ മറുപടിയ്ക്ക്

## കാർഷിക വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. മോയിൻകുട്ടി<br>''പി. ഉബൈദുള്ള<br>''പി.കെ. ബഷീർ<br>''കെ.എൻ.എ. ഖാദർ | ശ്രീ. **കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും** അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഭൂവിഭവങ്ങളെ സംബന്ധിച്ച് ഭൂവിനിയോഗ ബോർഡ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ, കൃഷി വകുപ്പ് അതിന്റെ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ ഭൂവിഭവങ്ങളെ സംബന്ധിച്ച് ഭൂവിനിയോഗ ബോർഡ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ കൃഷി ഭവൻ (ഗ്രാമപഞ്ചായത്ത്) തലത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം "ഡാറ്റാ ബാങ്ക്" തയ്യാറാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ "നീർത്തട മാസ്റ്റർ പ്ലാനുകൾ" തയ്യാറാക്കുന്നതിനും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഭവനുകളുടെ പരിധിയിൽ നടപ്പാക്കാവുന്ന കാർഷിക വികസന പദ്ധതികളെക്കുറിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | ബി) "ഡാറ്റാ ബാങ്ക്" തയ്യാറാക്കിയത് വഴി ഓരോ കൃഷി ഭവൻ പരിധിയിലുള്ള നെൽകൃഷിയുടെ വിസ്തീർണ്ണം, തരിശ് നിലങ്ങളുടെ വിവരങ്ങൾ എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് നിലം മറ്റാവശ്യങ്ങൾക്ക് നികത്തുന്നത് തടയുന്നതിനും അനുയോജ്യമായ തരിശു നിലങ്ങളിൽ വീണ്ടും നെൽകൃഷി ആരംഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.<br>"നീർത്തട മാസ്റ്റർ പ്ലാനുകൾ" തയ്യാറാക്കിയതനുസരിച്ച് ഓരോ കൃഷി ഭവൻ തലത്തിലും നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇല്ലെങ്കിൽ കൃഷിഭവനുകളെ അടിസ്ഥാനമാക്കി യഥാർത്ഥ കർഷകരുടെ വിവരശേഖരണം നടത്തി ഭൂവിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് പൗൾട്രി, മൃഗസംരക്ഷണം, കാർഷിക വികസനം തുടങ്ങിയ പരിപാടികൾ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) യഥാർത്ഥ കർഷകരുടെ വിവരങ്ങൾ ശേഖരിച്ച് സമഗ്ര വികസനമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**